# GMLPS PACHATTIRI

## അക്കാദമിക് മാസ്റ്റർപ്ലാൻ

# ആമുഖം

പൊതുവിദ്യാഭ്യാസം സംരക്ഷിക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ നിസ്തർക്കമില്ല. നാനാത്വത്തിൽ ഏകത്വമെന്ന ആശയം ഊട്ടിയുറപ്പിക്കുന്ന സങ്കേതങ്ങളാണ് പൊതുവിദ്യാലയങ്ങൾ. പൊതുവിദ്യാഭ്യാസത്തിനേറ്റ മങ്ങൽ മതവിദ്യാഭ്യാസത്തിലൂന്നിക്കൊണ്ടുള്ള സ്ഥാപനങ്ങളുടെ വളർച്ചക്ക് വഴിയൊരുക്കുമ്പോൾ നമുക്ക് നഷ്ടമാകുവുന്നത് സമൂഹത്തിന്റെ ബഹുസ്വരതയാണ്. ഈ അർത്ഥത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണം എന്ന ആശയം തന്നെ മഹത്തരമാണ്. അതിന് പിൻബലമാകേണ്ട ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് വ്യക്തമായ ആസൂത്രണം. ഇക്കാര്യം ഉൾക്കൊണ്ടുതന്നെ വരും കാലങ്ങളിൽ ഞങ്ങളുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കാൻ പര്യാപ്തമായ ഒന്നാണ് ഞങ്ങൾ തയ്യാറാക്കി പൊതുസമക്ഷം സമർപ്പിക്കുന്ന ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ.

# സ്കൂളിന്റെ ചരിത്രം

1926-ൽ സ്ഥാപിതമായ പച്ചാട്ടിരി ജി. എം. എൽ. പി. സ്കൂൾ ആദ്യം, ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിനു തൊട്ടടുത്ത് മൂത്താട്ട് പറമ്പിൽ താത്കാലിക ഓലഷെഡിലായിരുന്നു പ്രവർത്തനം തുടങ്ങിയത്. എന്നാൽ അന്ന് കെട്ടിമേയാൻ സാമ്പത്തികമായി കഴിവില്ലാത്തതിനാൽ 1955 കാലത്ത് കാട്ടയിൽ പറമ്പിൽ ശ്രീമാൻ ചേക്കമരക്കാരകത്ത് എന്തീൻകുട്ടി ഹാജി അവർകൾ നിർമ്മിച്ചു നൽകിയ വാടകക്കെട്ടിടത്തിലേക്ക് മാറി പ്രവർത്തിച്ചു തുടങ്ങി. പിന്നീട് രക്ഷിതാക്കളുടേയും നാട്ടുകാരുടേയും ശ്രമഫലമായി വെട്ടം ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ വാങ്ങിയ സ്ഥലത്ത് SSA, MP ഫണ്ട് എന്നിവ ഉപയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിലേക്ക് 2004-ൽ സ്കൂൾ പ്രവർത്തനം മാറ്റുകയും ചെയ്തു.

ഇന്ന് ഈ വിദ്യാലയത്തിൽ പ്രീ-പ്രൈമറി തലം മുതൽ നാലാം തരം വരെയുള്ള ക്ലാസുകളിലായി 180 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. പ്രീ-പ്രൈമറിയിൽ ഒരദ്ധ്യാപികയും ആയയും മറ്റു പ്രൈമറി ക്ലാസുകളിൽ 8 അദ്ധ്യാപകരും ജോലിചെയ്തുവരുന്നു.

# അവസ്ഥാ വിശകലനം

37.75 സെന്റ് ഭൂമിയിൽ സ്വന്തമായി ഒരു കെട്ടിടം ഈ സ്കൂളിനുണ്ട്. പ്രീ-പ്രൈമറി മുതൽ 4 വരെ ക്ലാസുകളിലായി 172 കുട്ടികൾ ഇവിടെ പഠനം നടത്തുന്നു. ഓരോ കുട്ടിയുടെയും ഉന്നമനത്തിനായി കഠിനപ്രയത്നം നടത്തുന്ന് അദ്ധ്യാപകരും പ്രവർത്തനങ്ങൾ എല്ലാം സന്തോഷപൂർവ്വം ഏറ്റെടുത്തു നടത്തുന്ന പി.ടി.എ. യും ആണ് ഈ സ്കൂളിനെ നല്ല രീതിയിൽ മുന്നോട്ടുനടത്തുന്നത്.

സ്മാർട്ട് ക്ലാസ് റൂം ഉൾപ്പെടെ 8 ക്ലാസ് റൂമുകൾ, ടൈൽ പാകി വൃത്തിയാക്കിയ അടുക്കള, കിണർ, കുട്ടികൾക്ക് ആവശ്യാനുസരണം ഉപയോഗിക്കാനുതകുന്ന യൂറിനൽസും പൈപ്പും ഇവിടെ ഉണ്ട്.

8 ക്ലാസ് റൂമുകളിൽ 2 റൂം ഒഴികെ ബാക്കിയെല്ലാം ടൈൽ വിരിച്ചതും ഇലക്ട്രിഫിക്കേഷൻ നടത്തിയതുമാണ്. ഇതു കൂടാതെ ബാല[BALA] പദ്ധതിയുടെ ഭാഗമായി ഈ ക്ലാസ് റൂമുകളെല്ലാം മനോഹരമാക്കിയിട്ടുണ്ട്. അതുപോലെത്തന്നെ പോഷകസമൃദ്ധവും ഗുണനിലവാരവുമുള്ള ഉച്ചഭക്ഷണമാണ് ഇവിടെ കുട്ടികൾക്ക് നൽകിവരുന്നത്.

പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി എല്ലാ ദിവസവും മോണിംഗ് ക്ലാസും L.S.S പരീക്ഷ എഴുതുന്നവർക്ക് മികച്ച പരിശീലനവും സ്കൂളിൽ ലഭ്യമാണ്. കല, കായിക, ശാസ്ത്രമേളകളിൽ കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ വാങ്ങുകയും ചെയ്യാറുണ്ട്.

# ലക്ഷ്യങ്ങൾ

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
- കുട്ടിയെ മികച്ച വായനക്കാരനാക്കുക.
- എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.
- അറബി ആശയ വിനിമയ ശേഷി പരിപോഷിപ്പിക്കൽ.
- ഗണിത പഠനം രസകരമാക്കൽ.
- പ്രതിഭാ പോഷണം.
- കുട്ടികളുടെ ആരോഗ്യകരമായ പുരോഗതി ഉറപ്പാക്കൽ.
- കുട്ടികളുടെ സർഗാത്മകത പരിപോഷിപ്പിക്കൽ.

# പദ്ധതി രൂപീകരണ പ്രക്രിയ

അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് H. M. ന് ലഭിച്ച പരിശീലനത്തിലെ വിവരങ്ങൾ ചർച്ചചെയ്യാനായി സ്റ്റാഫ് മീറ്റിംഗ് വിളിക്കുകയും വിവരങ്ങൾ പങ്കുവെക്കുകയും ചെയ്തു.

പിന്നീട് SRG കൺവീനർമാർക്ക് ലഭിച്ച പരിശീലനശേഷം SRG യോഗം വിളിക്കുകയും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്ത് മേഖലകളും ഉപമേഖലകളും കണ്ടെത്തി. ഓരോ മേഖലക്കും കൊടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളും ചർച്ച്ചെയ്തു കണ്ടെത്തി.

പിന്നീട് PTA യോഗം വിളിച്ചു. അക്കാദമിക് പ്ലാൻ ചർച്ചചെയ്ത് അവരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി കരട് അക്കാദമിക് പ്ലാൻ തയ്യാറാക്കി.

മോണിറ്ററിംഗ് :H .M , SRG convenor

മേഖല : അക്കാദമികം.

ഉപമേഖല .I.ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ a).വായന മികച്ച ഭാഷാശേഷി കൈവരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| • സ്വതന്ത്രവയന പരിപോഷിപ്പിക്കൽ<br><br>• ആശയപ്രകാശനം ഫലപ്രദമാക്കുന്നതിനുള്ള രചനാതന്ത്രങ്ങൾ പരിചയപ്പെടൽ<br><br>• കുട്ടിയെ മികച്ച വായനക്കാരനാക്കുക | • പ്രി-ടെസ്റ്റ്<br>• അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ(പ്രത്യേക ക്ലാസ്)<br>• വായന കർഡുകൾ നൽകൽ<br>• വായനമൂല രൂപീകരിക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• വാർത്ത വായന അസംബ്ലിയിൽ<br>• ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | 10 months | H.M<br>SRG<br>PTA<br>MTA | SSA<br>PTA<br>പഞ്ചായത്ത് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പുസ്തകങ്ങൾ വായിച്ച് ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കൽ | • അമ്മ വായന<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• വായനാനുഭവം പങ്കുവെയ്ക്കൽ<br>• വായനാക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ<br>• E-വായന പരിപോഷിപ്പിക്കൽ<br>• വായന ക്ലബ് രൂപീകരിക്കൽ<br>• ദിനാചരണങ്ങൾ വയനയുമായി<br>• ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |
| • കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു | • ക്ലാസ് ലൈബ്രറി തയ്യാറാക്കുന്നു | 2 വർഷം | PTA<br>പഞ്ചായത്ത് | |

Monitoring:H.M.

b. ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • പദ നിർമ്മാണം<br>• വാക്യ നിർമ്മാണം<br>• കഥാ രചന<br>• കവിതാപതിപ്പ്<br>• കൈയെഴുത്തുമാസികകൾ<br>• എഴുത്തുകാരനുമായി അഭിമുഖം<br>• യാത്രാവിവരണങ്ങൾ തയ്യാറാക്കൽ<br>• ആസ്വാദനക്കുറിപ്പ്<br>• സ്കൂൾ പത്ര നിർമ്മാണം<br>• വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ(സാഹിത്യകാരന്മാർ)<br>• ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | 13 months | H.M.<br>SRG | School വികസന സമിതി(SMC)<br>P.T.A.<br>പഞ്ചായത്ത് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| എഴുത്തും വായനയും പരിപോഷിപ്പിക്കുക | സചിത്രബുക്ക് സംയുക്തമായി | 1 വർഷം | ക്ലാസ് ടീച്ചർ | SSK, PTA പഞ്ചായത്ത് |
| സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു | സചിത്രമായി സർഗ്ഗാത്മകമായി | 1 വർഷം | ക്ലാസ് ടീച്ചർ | |
| ഭാഷാപ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാകുന്നു ഭിന്നനിലവാരക്കാരെ പരിഗണിക്കുന്നു താളം മനസ്സിലാക്കി കവിതകൾക്ക് ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു | പാട്ടരങ്ങ് | 1 വർഷം | ക്ലാസ് ടീച്ചർ | PTA |
| ഭാഷാപഠനമുന്നേറ്റത്തിന് സംഗീതം, ശ്രവ്യവായന എന്നീ സങ്കേതങ്ങൾ ഉപയോഗിക്കുന്നു | റീഡേഴ്സ് തീയറ്റർ | 1 വർഷം | ക്ലാസ് ടീച്ചർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു | രചനോൽസവം | ഫെബ്രുവരി മാർച്ച് | ക്ലാസ് ടീച്ചർ | PTA |
| ഭാഷാപഠനത്തിൽ അനുഭവാധിഷ്ഠിത സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു | ഭാഷോൽസവം | 1 വർഷം | ക്ലാസ് ടീച്ചർ | PTA |
| പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഭാഷ, ഗണിതം, വിഷയങ്ങളിൽ മികവ് പുലർത്തുക | വിജയ സ്പർശം | ജൂൺ മാർച്ച് | HM വിജയ സ്പർശം കൺവീനർ SRG കൺവീനർ അധ്യാപകർ | SSK, PTA പഞ്ചായത്ത് |
| പഠനോപകരണ നിർമ്മാണം രക്ഷിതാക്കളുടെ പങ്കാളിത്തം | ശില്പശാല | 1 വർഷം | ക്ലാസ് ടീച്ചർ | PTA, SSK |

Monitoring: H.M., SRG Convenor

II. ഇംഗ്ലീഷിലെ ആശയവിനിമയശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക<br><br>• തെറ്റില്ലാതെ അനായാസമായി ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | • ഇംഗ്ലീഷിലെ പ്രാഥമിക അറിവുകൾ ഉറപ്പിക്കുന്നതിനുവേണ്ടി pretest നടത്തുന്നു<br>• പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസ് നൽകൽ<br>• മുന്നോക്കക്കാർക്ക് sentence making, story writing തുടങ്ങിയ പരിപാടികൾ<br>• ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ<br>• ഒരോ ദിവസവും നടന്ന സംഭവങ്ങൾ ഇംഗ്ലീഷ് ഡയറി എഴുതുക<br>• പദങ്ങൾ നൽകി വാക്യനിർമാണം.ഒരു ദിവസം ഒരു പദം(ഓരോ ക്ലാസിനും അനുയോജ്യമായത്) പരിചയപ്പെടുത്തുന്നു.അതുപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കൽ(ഒരാഴ്ച്ച സമയത്തിനുള്ളിൽ) | 3 വർഷം | Class Teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഇംഗ്ലീഷ് പഠനപ്രവർത്തനങ്ങൾ രസകരമാക്കൽ<br><br>• ഇംഗ്ലീഷ് സാഹചര്യം ഒരുക്കുക | • ഓരോ പാഠഭാഗത്തിനും അനുയോജ്യമായ worksheet നൽകൽ<br>• പാഠഭാഗത്തെ സംഭവങ്ങൾ Role play, skit രൂപത്തിലാക്കി അവതരിപ്പിക്കൽ<br>• മുന്നോക്കക്കാർക്ക് sentence making, story writing തുടങ്ങിയ പരിപാടികൾ<br>• ഇംഗ്ലീഷ് അസംബ്ലിയിൽ ഓരോരുത്തർ - self introduction അവതരിപ്പിക്കൽ<br>• കുട്ടികൾ തയ്യാറാക്കിയ വാക്യങ്ങൾ, കഥ...ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ<br>• ക്ലാസിനു ചുറ്റുപാടുമുള്ള വസ്തുക്കളുടെ പേരുകൾ ഇംഗ്ലീഷിൽ എഴുതി പ്രദർശിപ്പിക്കൽ | 3 വർഷം | SRG<br>P.T.A<br>P.T.A<br>SRG | ഗ്രാമപഞ്ചായത്ത്<br>SSA |

## അറബി ആശയവിനിമയശേഷി വികാസം

Monitoring : H.M.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും(അറബിക് പഠിക്കുന്ന)അറബി വായിക്കനും എഴുതാനും സംസാരിക്കനും ഉള്ള ശേഷി വികസിപ്പിക്കുക | • അറബിക് പ്രാഥമിക അറിവുകൾ ഉറപ്പിക്കുന്നതിനുവേണ്ടി pre-test നടത്തുന്നു | 1 വർഷം | അറബി അധ്യാപകർ | |
| | • പിന്നോക്കക്കാർക്ക് ക്ലാസ് നൽകൽ | | | ഗ്രാമപഞ്ചായത്ത് |
| | • മുന്നോക്കക്കാർക്ക് അധികപ്രവർത്തനങ്ങൾ നൽകൽ | | | SSA |
| | • മാസത്തിൽ ഒരിക്കൽ അറബിക് അസംബ്ലി നടത്തുന്നു | | പ്രാദമിക മുൻഷികൾ | P.T.A |
| | • അറബിക് Reading Room,പുസ്തകങ്ങൾ എന്നിവ ലഭ്യമാക്കൽ | 3 വർഷം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • അറബിക് പഠനപ്രവർത്തനങ്ങൾ രസകരമാക്കൽ | • ഓരോ പാഠഭാഗത്തിനും അനുയോജ്യമായ worksheet നൽകൽ<br>• പാഠഭാഗത്തെ സംഭവങ്ങൾ Role play, Skit രൂപത്തിലാക്കി അവതരിപ്പിക്കൽ<br>• അറബിയിൽ self introduction അവതരണം<br>• കുട്ടികളുടെ കൈയെഴുത്തു മാസിക തയ്യാറാക്കൽ<br>• സ്കൂളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പേരുകൾ അറബിയിൽ എഴുതി പ്രദർശിപ്പിക്കൽ | 2 വർഷം | അറബി അധ്യാപകർ<br>P.T.A | ഗ്രാമപഞ്ചായത്ത്<br>P.T.A |

Monitoring : H.M., P.T.A.

III. മികച്ച ഗണിത പഠനാനുഭവം കുട്ടികൾക്ക് ലഭ്യമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | • Pre-test | | | |
| • ഗണിതത്തിലെ ചതുഷ്ക്രിയകൾ എല്ലാവരിലും ഉറപ്പിക്കൽ | • പിന്നോക്കക്കാർക്ക് ആഴ്ചയിൽ 4 ദിവസം 1 മണിക്കൂർ ക്ലാസ് | 1 വർഷം | ക്ലാസ് ടീച്ചർ | ഗ്രാമപഞ്ചായത്ത് |
| | • രണ്ടാഴ്ച കൂടുമ്പോൾ SRG യോഗത്തിൽ വിലയിരുത്തുന്നു | | | |
| • ഗണിതം രസകരമാക്കൽ | • ഗണിതലാബിലെ അനുയോജ്യമായ സാമഗ്രികൾ ഉപയോഗിച്ചുള്ള ഗണിത പഠനം | | ക്ലാസ് ടീച്ചർ | SSA |
| • ക്ലാസ് റൂം പരിസരം എന്നിവ ഗണിതമയമാക്കൽ | • ക്ലാസിലും പരിസരത്തും ഗണിതരൂപങ്ങൾ ചിത്രങ്ങൾ എന്നിവ രേഖപ്പെടുത്തൽ | | P.T.A., പഞ്ചായത്ത് | |
| • കുട്ടികളിൽ ഗണിതത്തിലെ താല്പര്യം വർദ്ധിപ്പിക്കൽ | • ഗണിതത്തിലെ രസകരമായ കളികൾ, അമ്പരപ്പിക്കുന്ന ഗണിതം. തുടങ്ങിയവ ശേഖരിച്ച് പതിപ്പ് നിർമ്മാണം | | ക്ലാസ് ടീച്ചർ | |

Monitoring: H.M., SRG Convenor

## IV. പ്രതിഭാപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കൂടുതൽ കുട്ടികൾക്ക് LSS ലഭ്യമാക്കുക<br>• Quiz മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെയ്ക്കൽ<br>• മേളകളിലെ പ്രാതിനിധ്യം ഉറപ്പിക്കൽ | • 1st unit test ന ശേഷം കൂടുതൽ മർക്ക കിട്ടിയവർക്കായി LSS model exam നടത്തുന്നു<br>• മികച്ച പ്രകടനം കഴ്ച വെച്ചവർക്ക് തുടർച്ചയായ പരിശീലനം<br>• Model പരീക്ഷകൾ നടത്തുന്നു<br>• Work sheet കൾ പ്രയോജനപ്പെടുത്തുന്നു<br>• ഓരോ ക്ലസിനും അനുയോജ്യമായ quiz ചോദ്യങ്ങൾ(ദിവസവും ഒന്ന്)നൽകുന്നു. മാസാവസാനം quiz മത്സരം നടത്തുന്നു. സമ്മാനം നൽകുന്നു.<br>• കലാമേള,ശാസ്ത്രമേള തുടങ്ങിയ മേളകളിൽ പങ്കെടുക്കുവാൻ തല്പര്യമുള്ള കുട്ടികളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകുന്നു. | 2 വർഷം | ക്ലാസ് ടീച്ചർ | P.T.A |

Monitoring : H.M., P.T.A.

V. കായികശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| • കായികശേഷി വികസിപ്പിക്കൽ | • ഓരോ ക്ലാസിനും അനുയോജ്യമായ കളിയുപകരണങ്ങൾ | 3 വർഷം | ഗ്രാമപഞ്ചായത്ത് P.T.A. | ഗ്രാമപഞ്ചായത്ത് |
| | • ആവശ്യമായ കളിസ്ഥലം ഒരുക്കൽ | 8 വർഷം | | SSA |
| | • കായികാധ്യാപകന്റെ പരിശീലനം ലഭ്യമാക്കൽ | | | |
| • കായിക മത്സരങ്ങളിലെ പങ്കാളിത്തം ഉറപ്പിക്കൽ | • കായിക മത്സരങ്ങൾക്ക് ആവശ്യമായ പരിശീലനം | | | |
| | • കായികക്ഷമത ഉറപ്പാക്കൽ | | | |
| | • നാടൻ കളികളിൽ പരിശീലനം നൽകൽ | | പ്രാദേശിക ക്യാമ്പുകൾ | |

Monitoring : P.T.A.

## VI. ആരോഗ്യകരമായ പുരോഗതി ഉറപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പൊടിപടലങ്ങൾ ഇല്ലാത്ത അന്തരീക്ഷത്തിൽ പഠനം നടത്തൽ | • വ്യക്തി ശുചിത്വം ഉറപ്പാക്കൽ<br>• വൃത്തിയുള്ള പരിസരം<br>• പോഷകസമൃദ്ധമായ ഭക്ഷണം നൽകൽ.<br>• ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കൽ.<br>• കുട്ടികളുടെ ശാരീരിക ആരോഗ്യം | 5 വർഷം | P.T.A.<br>അദ്ധ്യാപകർ | ഗ്രാമപഞ്ചായത്ത്<br>SSA |
| • മികച്ച ശാരീരിക മാനസിക ആരോഗ്യം ഉറപ്പിക്കൽ | • ഉറപ്പുവരുത്തുന്നതിനാവശ്യമായ ക്ലാസുകൾ രക്ഷിതാക്കൾക്ക് നൽകൽ<br>• കുട്ടികൾക്ക് കൗൺസിലിംഗ് ക്ലാസ് നൽകൽ<br>• യോഗ, നീന്തൽ, സൈക്കിളിംഗ് തുടങ്ങിയ കായികവിനോദങ്ങളിൽ പരിശീലനം നൽകി കായികക്ഷമത വർദ്ധിപ്പിക്കൽ<br>• ആരോഗ്യവകുപ്പിന്റെ സേവനം ഉറപ്പിക്കൽ | | ആരോഗ്യ വകുപ്പ് (വെട്ടം) | |

Monitoring: H.M., SRG Convenor

സർഗാത്മകത പരിപോഷിപ്പിക്കൽ

a. ചിത്രം വരക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കലകളുടെ ആസ്വാദ്യത ഉൾക്കൊണ്ട് സാമൂഹ്യ ജീവിതത്തിൽ മാനവികമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിന്<br><br>• ബഹുമുഖ ബുദ്ധിവികാസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് | • ഇഷ്ടമുള്ള ആശയത്തിൽ സ്വതന്ത്ര ചിത്രരചന നടത്തൽ<br>• കാർട്ടൂൺ വരക്കൽ<br>• വെജിറ്റബിൾ പ്രിന്റിംഗ്<br>• വിരൽ ചിത്രങ്ങൾ<br>• ആശംസാ കാർഡുകൾ തയ്യാറാക്കൽ<br>• പ്രകൃതി ദൃശ്യങ്ങളുടെ ചിത്രീകരണവും നിറം നൽകൽ<br>• ആശയാധിഷ്ടിതമായ പോസ്റ്റർ നിർമ്മാണം<br>• ചിത്ര രചനാ ക്യാമ്പ് | വർഷത്തിൽ ഒന്ന് | ക്ലാസ് അധ്യാപകർ<br>ചിത്ര കലാ അധ്യാപകർ<br>P.T.A. | ഗ്രാമപഞ്ചായത്ത്<br>SSA |

b. അഭിനയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഭാഷയുടെ വ്യത്യസ്തവും സമ്പന്നവുമായ വകഭേദങ്ങൾ മനസ്സിലാക്കി സ്വന്തം സംസ്കാരത്തെക്കുറിച്ചുള്ള തിരിച്ചറിവ് ഉണ്ടാകുന്നു | • ഒറ്റയ്ക്കും കൂട്ടായും താളാത്മകമായും നടത്തം ഓട്ടം ചാട്ടം തുടങ്ങിയ ചലനങ്ങൾ നിർവ്വഹിക്കൽ<br>• കഥാസന്ദർഭത്തിൽ കഥാപാത്രത്തെ അഭിനയിച്ച് അവതരിപ്പിക്കൽ<br>• ലഘു ഗാനങ്ങൾക്ക് നിശ്ചല ദൃശ്യാവിഷ്കാരങ്ങൾ അവതരിപ്പിക്കൽ<br>• ഒരു കഥാസന്ദർഭത്തെ റേഡിയോ നാടകാവിഷ്കാരമാക്കി അവതരിപ്പിക്കൽ | 2 വർഷം | ക്ലാസ് അധ്യാപകൻ | P. T. A. |
| • നാടകാവിഷ്കാരത്തിൽ ഭിന്നനിലവാരക്കാരായ കുട്ടികൾക്ക് ഒരുപോലെ പങ്കാളിത്തം ഉണ്ടാക്കൽ | • പാവനാടകം പരിചയപ്പെടൽ<br>• ലഘുനാടകങ്ങൾ അവതരിപ്പിക്കൽ<br>• നാടക ക്യാമ്പ് | വർഷത്തിൽ ഒന്ന് | പ്രാദേശിക കലാകാരന്മാർ (PTA) | ഗ്രാമപഞ്ചായത്ത് |

C. സംഗീതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ആസ്വാദനക്ഷമത വർധിപ്പിക്കൽ<br><br>• സംഗീതസംസ്കാരം വളർത്തിക്കൊണ്ടുവരൽ | • പ്രകൃതിയിലെ വിവിധ ശബ്ദങ്ങൾ കേൾക്കൽ, അനുകരിക്കൽ<br>• പരിചിതമായ ഗാനങ്ങളുടെ സ്വതന്ത്രമായ അവതരണം<br>• ഗാനങ്ങൾ ശബ്ദക്രമീകരണത്തോടെ പാടുമ്പോഴുണ്ടാകുന്ന ആസ്വാദ്യത മനസ്സിലാക്കൽ(സാധ്യത പ്രയോജനപ്പെടുത്തുന്നു)<br>• കേരളീയ കലാവാദ്യങ്ങളുടെ സാന്ദർഭികമായ ഉപയോഗം മനസ്സിലാക്കൽ(ICT)<br>• ഗാനത്തിന്റെ വിവിധ ശാഖകൾ പരിചയപ്പെടൽ<br>• നാടൻപാട്ട് ശില്പശാല സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ക്ലാസ് അധ്യാപകർ | ഗ്രാമപഞ്ചായത്ത്<br><br>SSA |

d. സാമൂഹ്യ അവബോധം ഉളവാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| • രക്ഷിതാക്കളോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ കുട്ടിയെ പ്രാപ്തനാക്കൽ | • സ്വാഭാവിക വാസസ്ഥലങ്ങൾ തകർക്കുന്ന മനുഷ്യന്റെ ഇടപെടലുകൾ കണ്ടെത്തുകയും അവക്കെതിരെ പ്രതികരണ ശേഷി ഉളവാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ-(ഫീൽഡ് ട്രിപ്പ് ICT സാധ്യത) | 6 വർഷം | അധ്യാപകർ | PTA |
| • വ്യക്തിത്വ വികസനം | • കേരളീയ ആഘോഷങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കൽ<br>• വിവിധതരം കളികൾ<br>• യോഗ പരിശീലനം<br>• സൈക്ലിംഗ്<br>• മാതൃകാ ക്ലാസുകൾ<br>• ദിനാചരണങ്ങൾ വിപുലപ്പെടുത്തുക | | SSA<br>പ്രാദേശിക വിദഗ്ധർ | ഗ്രാമപഞ്ചായത്ത്<br>SSA |

e. ജൈവവൈവിധ്യ ഉദ്യാനം ഒരുക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പ്രകൃതിയെ ഒരു പാഠപുസ്തകമാക്കൽ | • ജന്മദിന വൃക്ഷത്തെ നടൽ<br>• പച്ചക്കറി കൃഷി<br>• നിലവിലുള്ള അക്വേറിയം പുഷ്ടിപ്പെടുത്തൽ<br>• ഭക്ഷ്യയോഗ്യമായ വാഴ, മുരിങ്ങ, പപ്പായ തുടങ്ങിയവയുടെ കൃഷിയും പരിപാലനവും<br>• ഔഷധ ഉദ്യാനം നിർമ്മിക്കൽ<br>• പൂന്തോട്ട നിർമ്മാണം<br>• നിലവിലുള്ള വൃക്ഷങ്ങളും ചെടികളും പരിപാലിക്കൽ<br>• കാർഷിക വിജ്ഞാനം പകരുന്ന ക്ലാസുകൾ | 15 വർഷം | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ<br>കൃഷി വകുപ്പ് | PTA<br>ഗ്രാമപഞ്ചായത്ത് |

## ഭൗതിക സാഹചര്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക | ഓഡിറ്റോറിയം കം ഡയനിംഗ് ഹാൾ | 2 വർഷം | HM, PTA | പഞ്ചായത്ത് |
| കുട്ടികളുടെ കായിക ശേഷി വികസനത്തിനാവശ്യമായ ഭൗതിക സാഹചര്യമൊരുക്കുക | കളിസ്ഥലം കണ്ടെത്തൽ | 5 വർഷം | HM, PTA | പഞ്ചായത്ത് |
| ഓഫീസ് നവീകരണം | ഫർണിച്ചർ ലഭ്യമാക്കൽ | 3 വർഷം | HM, PTA | പഞ്ചായത്ത് |

# ഉപസംഹാരം

ജനങ്ങളിൽ പൗരബോധവും സാമൂഹ്യബോധവും വളർത്തുന്നതിൽ വിദ്യാലയം പ്രധാന പങ്കുവഹിക്കുന്നു. നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ടത് ഓരോ പൗരന്റേയും കടമയാണ്. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റാൻ ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിനു വേണ്ടി എല്ലാവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.